(സി) എങ്കിൽ ഇവർക്കായി മാത്രം ഒരു ആശുപത്രി ബേഡഡുക്ക പഞ്ചായത്തിലെ വലിയപാറയിൽ വകുപ്പിന്റെ കൈവശമുള്ള സ്ഥലം പ്രയോജനപ്പെടുത്തി അനുവദിക്കുന്ന വിഷയം പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഇക്കാര്യം സർക്കാർ പരിശോധിക്കുന്നതാണ്.

ആറളം ഫാം

34(538) ശ്രീ. സണ്ണി ജോസഫ്: സർ, താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആറളം ഫാം പുനരധിവാസ മേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിന് നബാർഡ് സഹായത്തോടെ നടക്കുന്ന പ്രവൃത്തിയുടെ നിലവിലുള്ള സ്ഥിതി എന്താണ്; പ്രവൃത്തി നിലച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത കാരണത്താൽ; പദ്ധതി പൂർത്തീകരണത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത്; വ്യക്തമാക്കുമോ ?

ആറളം സമഗ്ര വികസന പാക്കേജിലുൾപ്പെട്ടിട്ടുള്ള പ്രവൃത്തികൾ നിലവിൽ പുരോഗമിച്ചുവരുന്നുണ്ട്. പ്രവൃത്തി നിലച്ചിട്ടില്ല. 55% പ്രവൃത്തികൾ നാളിതുവരെ പൂർത്തീകരിച്ചിട്ടുണ്ട്. കോവിഡ് ലോക്ഡൗൺ നിയന്ത്രണങ്ങൾ കാരണം സ്വാഭാവികമായി ഉണ്ടായിട്ടുള്ള പ്രതിസന്ധികൾ ഒഴിച്ചാൽ മറ്റ് പ്രശ്നങ്ങളൊന്നും തന്നെ പദ്ധതിയെ ബാധിച്ചിട്ടില്ല. നബാർഡ് നിഷ്കർഷിച്ചിട്ടുള്ള കാലാവധി 31-5-2021 ആയിരുന്നതിനാൽ ടി കാലാവധിക്കുള്ളിൽ തന്നെ പ്രോജക്ട് പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് നിർമ്മാണ നിർവ്വഹണ ഏജൻസിയായ കിറ്റ്കോ ലിമിറ്റഡിന് വകുപ്പ് കർശന നിർദ്ദേശം നൽകിയിരുന്നു. പദ്ധതിയുടെ ഭാഗമായ റോഡ് നിർമ്മാണത്തിന് ആവശ്യമായ സ്ഥലമേറ്റെടുപ്പ് നടപടി ദ്രുതഗതിയിലാക്കുന്നതിന് കണ്ണൂർ കളക്ടറുമായി ബന്ധപ്പെട്ട് വകുപ്പ് നടപടി കൈക്കൊണ്ടിട്ടുണ്ട്. നിർമ്മാണം സംബന്ധിച്ച് കിറ്റ്കോ ലിമിറ്റഡ് 8 പാർട്ട് ബില്ലുകൾക്കുമായി നാളിതുവരെ ക്ലെയിം ചെയ്തിട്ടുള്ള 1543.09 ലക്ഷം രൂപ പൂർണ്ണമായി അനുവദിച്ചു നൽകിയിട്ടുമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly